## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 729 — 27/04/2017-ൽ മറുപടിയ്ക്ക്.

## മിൽക്ക് ഷെഡ് വികസന പദ്ധതി(എം.എസ്.ഡി.പി)

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'മിൽക്ക് ഷെഡ് വികസന പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ആരംഭിച്ചിട്ടുണ്ട്.<br>മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ (എം.എസ്.ഡി.പി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• കൂടുതൽ കർഷകരെ ക്ഷീരോല്പാദന മേഖല ഒരു തൊഴിലായി സ്വീകരിയ്ക്കുന്നതിന് പ്രോൽസാഹിപ്പിയ്ക്കുക.<br>• കാലി വളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക.<br>• ക്ഷീരോല്പാദനം ഒരു ഉപജീവനമാർഗ്ഗമായും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഗ്രാമീണ മേഖലയിലെ യുവജനങ്ങളേയും വനിതകളേയും പ്രേരിപ്പിക്കുക.<br>• ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസെന്റീവ് നൽകുക<br>• കൂടുതൽ കർഷകരെയും സംരംഭകരേയും സ്വയംസഹായ സംഘങ്ങളേയും ക്ഷീരമേഖലയിലേക്ക് കൊണ്ടു വരിക.<br>• ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോല്പാദന പ്രവർത്തനങ്ങളിൽ |

നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനത്തിലേയ്ക്ക് ക്ഷീരകർഷകരെ പ്രാപ്തരാക്കുക

- ഉല്പാദന ക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക
- ഭാവിയിലേക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോൽസാഹിപ്പിക്കുക
- ക്ഷീരോല്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക വത്ക്കരണത്തിനായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപാദനക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം
- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം.
- ആധുനിക സാങ്കേതിക വിദ്യകൾ ക്ഷീര കർഷകർക്ക് പകർന്നു നൽകുന്നതിന് വനിതാ കന്നുകാലി ക്ഷേമ പ്രവർത്തകരെ നിയോഗിക്കുക.
- ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നാളിതുവരെയായി ക്ഷീര വികസന വകുപ്പ് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) 2005-2006 മുതലാണ് എം.എസ്.ഡി.പി (മിൽക്ക് ഷെഡ് വികസന പദ്ധതി) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത് . നാളിതുവരെ ഈ പദ്ധതി പ്രകാരം 51075 കറവപശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ഡയറി യൂണിറ്റുകൾക്കു പുറമേ കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്നിവയും നൽകിയിട്ടുണ്ട്.

ഈ പദ്ധതി മുഖേന പാലുല്പാദനത്തിൽ ഏകദേശം 4 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷീരമേഖലയിലേയ്ക്ക് പുതിയ സംരംഭകരേയും യുവജനങ്ങളെയും കൊണ്ടുവരുന്നതിനും ഈ മേഖലയിൽ നിന്നുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ക്ഷീരമേഖലയിൽ നിരവധി പേർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയിലൂടെ സാദ്ധ്യമായിട്ടുണ്ട്.

(സി) എന്തെല്ലാം പ്രവർത്തികളാണ് ടി പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്: ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

(സി) താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതി | സബ്സിഡി |
|---|---|---|
| 1 | ഗോദാനം( പശുയൂണിറ്റ്) | 32,000/- |
| 2 | 2 പശു യൂണിറ്റ് | 64,000/- |
| 3 | 5 പശു യൂണിറ്റ് | 1,75,000/- |
| 4 | 10 പശു യൂണിറ്റ് | 3,50, 000/- |
| 5 | 5 കിടാരി യൂണിറ്റ് | 90,500/- |
| 6 | 10 കിടാരി യൂണിറ്റ് | 1,81,200/- |
| 7 | അവശ്യാധിഷ്ഠിത ധനസഹായം | 50,000/- |
| 8 | കറവയന്ത്രം | 25,000/- |
| 9 | തൊഴുത്ത് നിർമ്മാണം | 50,000/- |

2016-17-ൽ മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം വിവിധ ജില്ലകൾക്ക് നൽകിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

൩ ഉള്ളടക്കം.

## എം.എസ്.ഡി.പി. പദ്ധതി ജില്ല 2016-17 ജില്ലതിരിച്ചുള്ള ടാർജറ്റ്

| ക്രമ.നം. | ജില്ല | ഗോദാനം | 2 പശു | 5 പശു | 10 പശു | 5 കിടാരി | 10 കിടാരി | അവശ്യാധിഷ്ഠിത ധനസഹായം | കറവയന്ത്രം | തൊഴുത്ത് |
|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 20 | 24 | 2 | 2 | 17 | 4 | 17 | 47 | 46 |
| 2. | കൊല്ലം | 20 | 24 | 2 | 2 | 9 | 4 | 17 | 47 | 46 |
| 3 | പത്തനംതിട്ട | 14 | 16 | 1 | 1 | 15 | 2 | 12 | 38 | 36 |
| 4 | ആലപ്പുഴ | 18 | 21 | 2 | 1 | 15 | 4 | 16 | 42 | 42 |
| 5 | കോട്ടയം | 18 | 21 | 2 | 1 | 15 | 3 | 16 | 42 | 42 |
| 6 | ഇടുക്കി | 18 | 21 | 2 | 1 | 15 | 4 | 16 | 42 | 42 |
| 7 | എറണാകുളം | 18 | 22 | 2 | 1 | 16 | 3 | 16 | 42 | 42 |
| 8 | തൃശ്ശൂർ | 20 | 24 | 2 | 1 | 17 | 4 | 17 | 43 | 43 |
| 9 | പാലക്കാട് | 21 | 24 | 2 | 2 | 15 | 4 | 17 | 47 | 46 |
| 10 | മലപ്പുറം | 20 | 24 | 2 | 2 | 14 | 3 | 17 | 43 | 44 |
| 11 | കോഴിക്കോട് | 18 | 17 | 2 | 2 | 10 | 3 | 16 | 42 | 42 |
| 12 | വയനാട് | 15 | 24 | 1 | 1 | 15 | 2 | 13 | 40 | 37 |
| 13 | കണ്ണൂർ | 20 | 17 | 2 | 2 | 10 | 4 | 17 | 45 | 45 |
| 14 | കാസർഗോഡ് | 15 | | 1 | 1 | | 2 | 13 | 40 | 37 |
| | ആകെ | 255 | 300 | 25 | [illegible] | 200 | 46 | 220 | 600 | 590 |
| | | | | | | | | | | |